**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1381** **10-10-2024 - ൽ മറുപടിയ്ക്ക്**

**വി.എച്ച്.എസ്.ഇ. വിഭാഗത്തിന്റെ എൻ.എസ്.ക്യു.എഫ്. അധിഷ്ഠിത കോഴ്സ്**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | പൊതുവിദ്യാഭ്യാസ വകുപ്പിലെ വി.എച്ച്.എസ്.ഇ. വിഭാഗത്തിന്റെ കീഴിലുള്ള ദേശീയ നൈപുണ്യ യോഗ്യതാ ചട്ടക്കൂടിൽ (എൻ.എസ്.ക്യു.എഫ്.) അധിഷ്ഠിതമായ കോഴ്സുകൾ വിജയിക്കുന്ന വിദ്യാർത്ഥികൾക്ക് തൊഴിൽ സാധ്യതകൾ മനസ്സിലാക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വിശദമാക്കാമോ? | (എ) | പൊതുവിദ്യാഭ്യാസ വകുപ്പ് വി.എച്ച്.എസ്.ഇ വിഭാഗത്തിന്റെ കീഴിൽ എൻ.എസ്.ക്യൂ.എഫ് അധിഷ്ഠിതമായ കോഴ്സുകൾ വിജയിക്കുന്ന വിദ്യാർത്ഥികൾക്ക് ഉപരിപഠന സാദ്ധ്യതകൾ മനസ്സിലാക്കുന്നതിനും അനുയോജ്യമായ തൊഴിൽ മേഖല തെരഞ്ഞെടുക്കുന്നതിനുമായി വിവിധ പ്രോഗ്രാമുകൾ നടത്തുന്നുണ്ട്. കരിയർ ഗൈഡൻസ് ആന്റ് കൗൺസിലിംഗ് സെല്ലിന്റെ ആഭിമുഖ്യത്തിൽ സ്കൂളുകളിൽ കരിയർ ടോക്കുകൾ സംഘടിപ്പിക്കുന്നുണ്ട്. എൻ.എസ്.ക്യൂ.എഫ് കോഴ്സുകളുടെ അടുത്ത ലെവലുകൾ മനസ്സിലാക്കുന്നതിനും, സാദ്ധ്യതകൾ അറിയാനും ഇത് സഹായിക്കുന്നു. കൂടാതെ കരിയർ സെമിനാർ, കരിയർ എക്സിബിഷൻ, കരിയർ എക്സ്പോ എന്നിവ ജില്ലാ റീജിയണൽ തലത്തിൽ നടത്തിവരുന്നു. എക്സ്പർട്ട് ഇന്ററാക്ഷൻ, ഇൻഡസ്ട്രിയൽ വിസിറ്റ് എന്നിവയും തൊഴിൽ സാദ്ധ്യതകൾ മനസ്സിലാക്കുന്നതിനുള്ള അവസരം നൽകുന്നു. |

സെക്ഷൻ ഓഫീസർ